LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതത് മേഖലകളിലെ സാങ്കേതിക വിദഗ്ധർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർതലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

വല്ലാർപാടം കണ്ടയ്നർ ടെർമിനൽ പദ്ധതി

107(3539) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപാടം ഇന്റർനാഷണൽ കണ്ടയിനർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ സമീപത്തായി മുളവുകാട് പഞ്ചായത്തിന്റെ അതിർത്തിയിൽ കണ്ടയിനർ റോഡിന്റെ ഇരുഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നതും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗവുമായ 250 ഏക്കറോളം കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി വല്ലാർപാടം കണ്ടയിനർ ടെർമിനലിനോട് അനുബന്ധിച്ച വ്യവസായ ആവശ്യങ്ങൾക്കുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി ഗിഫ്റ്റ് സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അയ്യമ്പുഴ വില്ലേജിൽ 220 ഹെക്ടർ സ്ഥലമാണ് കിൻഫ്ര കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വല്ലാർപാടം കണ്ടയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനോട് അനുബന്ധമായുള്ള ഭൂമിയുടെ ഫലപ്രദമായ ഉപയോഗം സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചുവരുന്നു.